നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ എന്ത് തുകയുടെ സാമ്പത്തിക ക്രമക്കേടാണ് കണ്ടെത്തിയത് ;

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ ഇപ്പോഴത്തെ എം.ഡി. ചുമതലയേറ്റതിനുശേഷം നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപണിയും നടത്തിയത് സംബന്ധിച്ച് കൃത്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിനെ സംരക്ഷിക്കാൻ നടപടി

112 (3266) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) 2006 മുതൽ മദ്യവില്പനയിൽ നിന്ന് കൺസ്യൂമർഫെഡിനു ലഭിച്ച ലാഭം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി കൺസ്യൂമർഫെഡിന് തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ ;

(ഇ) സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്ന് എത്ര തുക ലഭിക്കാനുണ്ട് ; വിശദമാക്കാമോ ;

(എഫ്) കൺസ്യൂമർഫെഡിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിനു കീഴിൽ നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. 5 ത്രിവേണി സ്റ്റോറുകളും 30 നീതി മെഡിക്കൽ സ്റ്റോറുകളും ലാഭത്തിൽ പ്രവർത്തിക്കുന്നു. നഗ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ടേൺ ഓവർ (കോടിയിൽ)
2006-07	456.66
2007-08	591.22
2008-09	737.58
2009-10	1015.99
2010-11	1213.92
2011-12	1333.09
2012-13	1688.97
2013-14	1496.95
2014-15	1572.25

(സി) 2006-07 മുതൽ 2014-15 വരെ വിദേശ മദ്യ വ്യാപാരത്തിലൂടെ ലഭിച്ച വിൽപ്പനയും മാർജിനും ലാഭവും ചുവടെ ചേർക്കുന്നു:

വർഷം	വിൽപ്പന	മാർജിൻ	ലാഭം
2006-07	2898621659.00	482910368.39	159424191.25
2007-08	3490152006.87	581459324.34	191958360.38
2008-09	4109181936.00	684589710.54	226005006.48
2009-10	4947983346.07	824334025.46	272139084.03
2010-11	5970755026.86	994727787.47	328391526.48

LIBRARY ARCHIVES Kerala Legislative Assembly

2011-12	6870760128.15	1144668637.35	377891807.05
2012-13	7513885707.50	1251813358.87	413263713.91
2013-14	7689219112.00	1281023904.06	422907051.16
2014-15	10676441219.00	1778695107.09	587204267.05
ആകെ	54167000141.45	9024222223.57	2979185007.28

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി തുകകൾ വകയിരുത്തിയിരുന്നു. ടി തുകകൾ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	നീക്കിയിരുപ്പ് തുക	
	ബഡ്ജറ്റ് വിഹിതം (കോടി)	അഡീഷണൽ ആവശ്യമായ സേഷൻ (കോടി)
2011-12	5.00	25.00
2012-13	5.00	65.00
2013-14	10.00	70.00
2014-15	11.00	39.00
2015-16	15.00	

(ഇ) കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം സബ്സിഡി ഇനത്തിൽ 409.54 കോടി രൂപ നൽകാനുണ്ട്.

(എഫ്) പോലീസ് റിജിലൻസ് വിഭാഗവും സഹകരണ വകുപ്പ് പരിശോധനാ സംവിധാനവും കൺസ്യൂമർഫെഡിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലും അന്വേഷണ നടപടികൾ നടത്തിവരുന്നു. കുറ്റക്കാരെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള എല്ലാ ജീവനക്കാരുടെയും പേരിൽ സസ്പെൻഷനുൾപ്പെടെ നടപടികൾ സ്വീകരിച്ച് തുടർ അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly